**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 561** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണത്തിന്റെ ഫലമായി മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധികളും വീടും നഷ്ടപ്പെടുന്നത് ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ, തീരപ്രദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പുനർഗേഹം. മേൽ പദ്ധതിയ്ക്ക് 2450 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ സമയബന്ധിത പൂർത്തീ കരണം ലക്ഷ്യമിട്ട് പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണത്തിന്റെ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേ ഷൻ യൂണിറ്റിനാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ചും പദ്ധതി പുരോഗതി സംബന്ധിച്ചും കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി പുരോഗതി ത്വരിതപ്പെടുത്തു ന്നതിനു വേണ്ട നിർദ്ദേശങ്ങളും നൽകി വരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അതത് സന്ദർഭങ്ങളിൽ ആവശ്യമായി വരുന്ന തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഫിഷറീസ് ഡയറക്ടർ ചെയർമാനായി വകുപ്പ് തല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തുകയും ചെയ്തു വരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി പുരോഗതി അവലോകനം നടത്തുകയും ബന്ധപ്പെട്ട ജില്ലകളിൽ പദ്ധതി നിർവ്വഹണത്തിന് നേരിടുന്ന തടസ്സം |

| | | | |
|---|---|---|---|
| | | | നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിനായി എത്ര കുടുംബങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുവാൻ സാധിച്ചിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾ ഭൂമി രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ; | (ബി) | പദ്ധതി പ്രകാരം ഗുണഭോക്താക്കളായി ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി അംഗീകരിച്ച 10307 പേരിൽ 7692 പേർ മാറിത്താമസിക്കുന്നതിന് സമ്മതം അറിയിച്ചി ട്ടുണ്ട്. ആയതിൽ 2129 പേർ കണ്ടെത്തിയ ഭൂമി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം ഭൂമി വില നിശ്ചയിക്കപ്പെട്ടവരിൽ 1596 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും 1109 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങളിൽ എത്ര ശതമാനംപേർക്ക് നാളിതുവരെ ഭൂമി കണ്ടെത്തി രജിസ്റ്റർ ചെയ്തു നൽകിയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; | (സി) | തീരദേശത്തു നിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ 7692 കുടുംബങ്ങളിൽ 2129 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 1596 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തീരദേശത്തു നിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങളിൽ 21.25% പേർ ഭൂമി കണ്ടെത്തി രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഈ പദ്ധതി മന്ദഗതിയിലായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തു നിന്ന് മാറി താമസിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിലുള്ള കാലതാമസവും തീരദേശ മേഖലയിൽ വലിയ ഭവനമുള്ളവരും 5 സെൻറിൽ കൂടുതൽ ഭൂമി ഉള്ളവരും മാറാൻ വിമുഖത കാണിക്കുന്നുണ്ട്. ഇതു പരിഹരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | തീരദേശത്തുനിന്ന് മാറി താമസിക്കുവാൻ സന്നദ്ധരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും വീടും ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | മാറി താമസിക്കാൻ തയ്യാറാകുന്നവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ